**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2875** | **10.05.2017 ൽ മറുപടിയ്ക്ക്**

## രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം

**ചോദ്യം** — **ശ്രീ. എം.സ്വരാജ്**

**മറുപടി** — **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ; | (എ) (ബി) & (സി) | ഉണ്ട്. ഫെബ്രുവരി 2016 മുതൽ അക്കാദമിയിൽ പറക്കൽ പരിശീലനം വിവിധ കാരണങ്ങളാൽ മുടങ്ങിയിരിക്കുകയായിരുന്നു. അക്കാദമിയുടേയും സർക്കാരിന്റെയും നിരന്തര പരിശ്രമ ഫലമായി ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (DGCA) റീ സർട്ടിഫിക്കേഷൻ പ്രോസസ് 2017 മാർച്ച് ആദ്യവാരത്തോടുകൂടി പൂർത്തിയാവുകയും, മാർച്ച് 23-ാം തീയതി പ്രാബല്യത്തിൽ അക്കാദമിക്ക് പറക്കൽ പരിശീലനം പുനരാരംഭിക്കുന്നതിനുള്ള അനുമതി DGCA യിൽ നിന്ന് ലഭിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അക്കാദമിയിൽ പറക്കൽ പരിശീലനം മാർച്ച് 24-ാം തീയതി മുതൽ പുനരാരംഭിക്കുകയും ഊർജ്ജിതമായി തുടർന്നു വരികയും ചെയ്യുന്നു. നിലവിലുള്ള പൈലറ്റ് ട്രെയിനികളുടെ പറക്കൽ പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുക എന്നതാണ് അക്കാദമിയുടെ പ്രാഥമിക ലക്ഷ്യം. അതിനായി നിലവിൽ 3 സെസ്ന വിമാനങ്ങൾ ഉപയോഗിച്ച് പ്രതിദിനം പരമാവധി സമയം പരിശീലനം നൽകി വരുന്നു. മൺസൂൺ കാലത്ത് ട്രെയിനികൾക്ക് പരിശീലനം മുടങ്ങാതെ ഉറപ്പ് വരുത്തുന്നതിനായി മധുര, പോണ്ടിച്ചേരി തുടങ്ങിയ മൺസൂൺ കുറവായ എയർപോർട്ടുകളിൽ പരിശീലനം ലഭ്യമാക്കുന്നതിനു-വേണ്ട ശ്രമങ്ങൾ നടത്തി വരികയാണ്. പരിശീലനം മുടങ്ങാതെ നൽകുന്നതിനായി ഒരു എയർക്രാഫ്റ്റ് എൻജിൻ കൂടി കരുതലായി വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. അക്കാദമിയിൽ നിലവിലുള്ള മൾട്ടി എൻജിൻ വിമാനം കൂടി പരിശീലനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. ഇതോടെ പൈലറ്റ് ട്രെയിനികൾക്ക് 'മൾട്ടി എൻജിൻ റേറ്റിംഗ്' കൂടി ലഭ്യമാകും. |
| (ബി) | ഉണ്ടെങ്കിൽവിശദാംശം അറിയിക്കുമോ ; | | |
| (സി) | കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത അക്കാഡമിയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഒരു എയറോനോട്ടിക്കൽ എഞ്ചിനീറിംഗ് കോളേജ് തുടങ്ങുന്നതിനും, ഒരു സിംഗിൾ എഞ്ചിൻ വിമാനം, സീ പ്ലെയിൻ, വിമാന എഞ്ചിൻ എന്നിവ വാങ്ങുന്നതിനും അക്കാദമി ഉദ്ദേശിക്കുന്നുണ്ട്. ആയത് ഫലപ്രാപ്തിയിൽ എത്തുന്ന മുറയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിനും സമയ ബന്ധിതമായി മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. |

Padmakumar

സെക്ഷൻ ഓഫീസർ